# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2607** **06/12/2018-ൽ മറുപടിയ്ക്ക്**

### സഹകരണസംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | നിലവിൽ സഹകരണസംഘം ജീവനക്കാർക്ക് ബാധകമായ ഗ്രാറ്റുവിറ്റി സ്കീം വ്യക്തമാക്കാമോ; | (എ) | കേരള സഹകരണ നിയമം ചട്ടം 59 ലെ വ്യവസ്ഥകൾ പ്രകാരമാണ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുന്നത്. ടി വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>എല്ലാ സഹകരണ സംഘങ്ങളും അവയുടെ ഉപനിബന്ധനയിൽ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും അതിന്റെ ഭരണ ക്രമത്തിനായി നിബന്ധനകൾ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. ആ നിബന്ധനകളിൽ മറ്റു കാര്യങ്ങളോടൊപ്പം താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണം.<br>1. മാസശമ്പളക്കാരായ എല്ലാ സ്ഥിരം ജീവനക്കാർക്കും ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടായിരിക്കും.<br>2. ജീവനക്കാരുടെ സേവനം തുടർച്ചയായതും തൃപ്തികരവും ആയിരിക്കണം.<br>3. കുറഞ്ഞത് 5 വർഷത്തെ തൃപ്തികരമായ സേവനത്തിന് ശേഷം ഒരു ജീവനക്കാരൻ സ്വമേധയാ സേവനത്തിൽ നിന്നും പിരിയുമ്പോൾ അല്ലെങ്കിൽ സേവന കാലത്ത് തുടർന്ന് ജോലി ചെയ്യുന്നതിനു ശാരീരിക കഴിവ് നഷ്ടപ്പെട്ടാൽ അല്ലെങ്കിൽ സേവനകാലത്ത് മരണപ്പെട്ടാൽ, സംഘം അയാൾക്കോ അയാളുടെ നിയമാനുസൃത അവകാശികൾക്കോ ഓരോ പൂർത്തീകരിക്കപ്പെട്ട വർഷത്തെ സേവനത്തിനും, അരമാസ ശമ്പളത്തിൽ കവിയാത്ത നിരക്കിൽ ഗ്രാറ്റുവിറ്റി |

| | | | |
|---|---|---|---|
| | | | നൽകേണ്ടതാണ്. എന്നാൽ ഒരു കേസിലും ഗ്രാറ്റുവിറ്റി 15 മാസത്തെ ശമ്പളത്തിൽ അധികരിക്കാവുന്നതല്ല. കൂടാതെ ഗ്രാറ്റുവിറ്റി തുക ഒരു ജീവനക്കാരനു അർഹമായത് നൽകേണ്ടത് ഗ്രാറ്റുവിറ്റി വിതരണ നിയമം 1972 (കേന്ദ്ര നിയമം 39-1972) -ൽ പറഞ്ഞിട്ടുള്ള നിരക്കിൽ അധികരിക്കാൻ പാടില്ലാത്തതും, അല്ലെങ്കിൽ നിയമത്തിന്റെ ഈ ചട്ടങ്ങളുടെയും കീഴിൽ ലഭിച്ച തുക കണക്കിലെടുക്കാതെ ഏതെങ്കിലും പദ്ധതി പ്രകാരം തിരഞ്ഞെടുത്ത് ലഭിച്ചതോ അല്ലെങ്കിൽ ഈ കാര്യത്തിലേക്കായി സംഘം നടപ്പിലാക്കിയത് പ്രകാരമോ ഏതാണോ അത് പ്രകാരമായിരിക്കും. |
| (ബി) | എല്ലാ സഹകരണ സംഘം ജീവനക്കാരെയും എൽ.ഐ.സി. ഗ്രാറ്റുവിറ്റി സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | എല്ലാ സഹകരണ സംഘം ജീവനക്കാരെയും എൽ.ഐ.സി ഗ്രാറ്റുവിറ്റി സ്കീമിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ സഹകരണ സംഘം ജീവനക്കാരെയും എൽ.ഐ.സി ഗ്രാറ്റുവിറ്റി സ്കീമിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ 46/79, 6/88 എന്നീ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എൽ.ഐ.സി. ലിങ്ക്ഡ് ഗ്രാറ്റുവിറ്റി സ്കീമിന്റെ പരിധിയിൽ വരുന്ന സഹകരണ സംഘങ്ങൾ ഓരോ വർഷവും അടയ്ക്കുന്ന പ്രീമിയം തുക സംബന്ധിച്ച് സഹകരണ വകുപ്പ് എന്തെങ്കിലും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (സി) | എൽ.ഐ.സി ലിങ്ക്ഡ് ഗ്രാറ്റുവിറ്റി സ്കീമിന്റെ പരിധിയിൽ വരുന്ന സഹകരണ സംഘങ്ങൾ ഓരോ വർഷവും അടയ്ക്കുന്ന പ്രീമിയം തുക സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഈ സർക്കുലർ റദ്ദ് ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് എല്ലാ ജില്ലകളിലും ഏകീകൃത മാനദണ്ഡങ്ങൾ നിലവിലുണ്ടോ എന്നും ഇല്ലെങ്കിൽ എൽ.ഐ.സി. പ്രീമിയം അടയ്ക്കുന്നത് ഏകീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (ഡി) | എൽ.ഐ.സി ലിങ്ക്ഡ് ഗ്രാറ്റുവിറ്റി സ്കീം സംബന്ധമായ ഏകീകൃതമാനദണ്ഡങ്ങൾ പാലിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഈ സർക്കുലർ റദ്ദ് ചെയ്തിട്ടുണ്ട്. നിലവിൽ ടി വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ